പുളനഗരം, കൊടുവായൂർ, നെന്മാറ ടൗണുകളിലെ ഗതാഗതക്കുരുക്ക്

244 (3995) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പുളനഗരം, കൊടുവായൂർ, നെന്മാറ എന്നീ ടൗണുകളിൽ സ്ഥിരമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ടൗണുകളിലെ ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതികൾ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇത് സംബന്ധിച്ച് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. പുളനഗരം ടൗണിലുള്ള ഗതാഗതക്കുരുക്ക് താല്കാലികമായി നിയന്ത്രിക്കുന്നതിനായി 2012-13 വർഷത്തിൽ എം.എൽ.എ-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് തത്തമംഗലം - കല്ലംചിറ പെരുവെമ്പ് റോഡ് പണി പൂർത്തീകരിക്കുകയും കൊടുവായൂർ ടൗണിന്റെ ഗതാഗതക്കുരുക്ക് താല്കാലികമായി നിയന്ത്രിക്കുന്നതിനായി, 2013-14 വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നൊച്ചൂർ മറിയൻ കോളേജ് റോഡ് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തത്തമംഗലം ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിക്കായി 298 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തത്തമംഗലം ബൈപ്പാസും കൊടുവായൂർ ബൈപ്പാസും പ്രാവർത്തികമാകുമ്പോൾ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരമാകും.

പൈങ്കുളം, മുള്ളൂർക്കര റെയിൽ ക്രോസ്സുകളിൽ മേൽപ്പാലം

245 (†3996) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട പൈങ്കുളം, മുള്ളൂർക്കര റെയിൽ ക്രോസ്സുകളിൽ ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly